പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5381** 01-07-2019 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) 2015-16 കാലഘട്ടത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലവിൽ ലാഭത്തിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br><br>ബി) ഈ നടപടികളിലൂടെ ലാഭകരമായ സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ; ഇവയുടെ 2018-19 ലെ ലാഭത്തിന്റെ വിശദാംശം നൽകുമോ; | എ) ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിൻെറ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവങ്കൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ നിലവിൽ ലാഭകരമാക്കുവാൻ സാധിച്ചു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികളും, മാനേജ്മെൻറിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും, റിയാബ് മുഖേന മാസം തോറും കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം പ്രയോജനകരമായിട്ടുണ്ട്.<br>സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് പ്രവർത്തന |

മൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു.

നിലവിൽ 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ആഗോളവത്ക്കരണത്തിൻെറ ഫലമായി വിപണിയിൽ നിന്നും നേരിടുന്ന മത്സരത്തെ അതിജീവിച്ച് വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കാതെയാണ് സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നത്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവ്ക്കരണത്തിലൂടെയും, വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും നൂതന സങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിച്ച് ചെലവുകൾ കുറച്ചുകൊണ്ടുമാണ് സ്ഥാപനങ്ങളൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സർക്കാർ നടത്തിവരുന്നത്.

സി) 2015-16-ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം നിലവിൽ നഷ്ടത്തിലായിട്ടുണ്ടോ; വിശദാംശം നൽകുമോ;

സി) 2015-16 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മലബാർ സിമൻറ്സ് ലിമിറ്റഡ് 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഡി) പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

ഡി) 2016 സെപ്റ്റംബറിൽ മലബാർ സിമൻറ്സിൽ ഉണ്ടായ വിജലൻസ് കേസിനെ തുടർന്ന് അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്തത് കൊണ്ട് കമ്പനിയ്ക്ക് മൂന്നു മാസത്തേയ്ക്ക് ഉൽപ്പാദനം നിർത്തിവെയ്ക്കേണ്ടി വന്നു. ഇതിനെ തുടർന്ന് കമ്പനിയ്ക്ക് വിപണിയിൽ ഉണ്ടായിരുന്ന സിമൻറ് മാർക്കറ്റ് നഷ്ടപ്പെടുകയും തത്ഫലമായി ഉൽപ്പാദനം വെട്ടിക്കുറയ്കുകയും ചെയ്യേണ്ടി വന്നതിനാൽ കഴിഞ്ഞ രണ്ട് വർഷമായി കമ്പനി നഷ്ടത്തിൽ പ്രവത്തിക്കുകയായിരുന്നു. ഈ സർക്കാറിൻെറ ശക്തമായ ഇടപെടലും റിയാബിൻെറ നേതൃത്വത്തിലുള്ള മാസം തോറുമുള്ള പ്രവർത്തനാവലോകനത്തിൻെറയും, ജീവനക്കാരുടെ പൂർണ്ണ സഹകരണത്തോടും കൂടി കമ്പനിയുടെ പ്രവർത്തനം ക്രമേണ മെച്ചപ്പെടുകയും ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മേയ് വരെ 67 ലക്ഷം രൂപ ലാഭം നേടുകയും ചെയ്തു.

ഇ) ഏതാനും പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ

ഇ) 2015-2016 ൽ വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.87

പൊതുമേഖലയിലെ ഭൂരിപക്ഷം സ്ഥാപനങ്ങളും നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന അവസ്ഥ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിനനുസൃതമായി സ്വീകരിച്ച തിരുത്തൽ നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

കോടി രൂപ ആയിരുന്നത് 2018-19 ൽ 8.26 കോടി ലാഭത്തിലേയ്ക്കുയർന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികളും, മാനേജ്മെൻറിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും, റിയാബ് മുഖേന മാസം തോറും കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം പ്രയോജനകരമായിട്ടുണ്ട്.

സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു.

ആഗോളവത്ക്കരണത്തിൻെറ ഫലമായി വിപണിയിൽ നിന്നും നേരിടുന്ന മത്സരത്തെ അതിജീവിച്ച് വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കാതെയാണ് സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നത്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യ വത്ക്കരണത്തിലൂടെയും, വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിച്ച് ചെലവുകൾ കുറച്ചുകൊണ്ടുമാണ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സർക്കാർ നടത്തിവരുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 7 | കേരള സ്റ്റേറ്റ് ഡ്രഗ്ഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 8 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 9 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ.